**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോഴിക്കോട് നഗരസഭയിൽ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി.കെ.ഉമാകുമാരിക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 4075/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.12.2017

പരാമർശം : നഗരകാര്യഡയറക്ടറുടെ 16.11.2017 തീയതിയിലെ ഇ 5-7329/2015 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിൽ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി.കെ ഉമാകുമാരിക്ക് 16/02/2015 മുതൽ 30/10/2015 വരെയുള്ള കാലയളവിലേയ്ക്ക് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യ വേതനാവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ ചെയ്തു നൽകിയിരുന്നു. 30/10/2015 വരെയുള്ള അവധിക്ക് ശേഷം ടിയാളെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയിൽ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ശ്രീമതി.കെ ഉമാകുമാരിക്ക് 16/02/2015 മുതൽ 30/10/2015 വരെയുള്ള കാലയളവിലേയ്ക്ക് മെഡിക്കൽ ഗ്രൗണ്ടിൽ കെ എസ് ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി.കെ ഉമാകുമാരി, രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ്,കോഴിക്കോട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ